വിഷയം - ഒടുവിൽ വീട് ചെറുതായി ചെറുതായി വന്നു

**ചെറുതായി, ചെറുതായി, ഇല്ലാതായി ചെന്നായ്ക്കളാൽ**

ആ കടപ്പുറത്തെ കുടിലിനു മുമ്പിൽ സന്ധ്യയ്ക്കും വൃദ്ധയുമായ ആ സ്ത്രീ കടലിലെ ഇളകിമറിയുന്ന പ്രക്ഷുബ്ധമായ തിരമാലകളെ നോക്കിനിൽക്കുകയായിരുന്നു. വേലിയേറ്റത്തിന്റെ സമയമായിരുന്നതിനാൽ തിരമാലകൾ അലയടിക്കുന്നതിന്റെ ഭോന്ത് കൂടിയിട്ടുണ്ട്. ഇടയ്ക്കിടെ വന്നുപോകുന്ന ഇളംകാറ്റിന്റെ പരിലാളനങ്ങളാൽ ആ വൃദ്ധ പുളകിതയായി. ദിശ്യങ്ങളിലെ സൂര്യപ്രശോഭ ഏറെക്കുറെ ശോഭമറ്റിരിക്കുന്നു. ചക്രവാളസീമയിലെങ്ങും അന്ധകാരം പരക്കുന്നു. കടൽത്തീരത്ത് കളിക്കുന്ന വിനോദസഞ്ചാരികളായ കുട്ടികളുടെ കളിചിരികൾ കണ്ട് വൃദ്ധയിൽ സ്നിഗ്ധമായ പുഞ്ചിരി വിടർന്നു. അവളുടെ മുഗ്ധമായ മുഖത്ത് ആ സന്തോഷം പ്രകടമായിരുന്നു. എന്നാൽ ആ കുട്ടികളെപ്പറ്റിയുള്ള ചിന്ത തന്റെ കൊച്ചുമക്കളെപ്പറ്റിയാകാൻ അധികനേരമെടുത്തില്ല. വേപഥുവാർന്ന മനസ്സോടെ അവൾ തന്റെ ഓർമ്മയുടെ പുസ്തകത്തിന്റെ ഏടുകൾ മനസ്സിലൂടെ ഒന്നൊന്നായി മറിച്ചു നോക്കുകയായിരുന്നു. ഒരു ദിനത്തിന്റെ തുടക്കത്തിൽ ശോഭിച്ചു നിൽക്കുന്ന സൂര്യനെപ്പോലെയായിരുന്നു അവരുടെ ജീവിതം. മറ്റൊരു ദിനത്തിൽ സന്തോഷങ്ങൾക്ക് പരിസമാപ്തി കുറിച്ചു.

അവളുടെ മനസ്സ് തന്റെ പഴയ കൂട്ടുകുടുംബത്തിലേക്ക് ഊളിയിട്ടു.

ഒരു കൂട്ടുകുടുംബമായിരുന്നു അത്. വൃന്ദയുടേത്. ഒരു വലിയ ഗ്രാമത്തിലെ വളരെ വലിയ സമ്പന്നമായിരുന്ന തറവാട്. അതിനോടൊപ്പം തന്നെ അഭിജാത്യത്തിലും തറവാട്ടു മഹിമയിലും അവർ മുന്നിട്ടു നിന്നു. ജയലക്ഷ്മി എന്ന ആ സ്ത്രീയുടെ കുടുംബത്തിന് ഏക്കറു കണക്കിന് ഭൂമിയും അമ്പലങ്ങളും ജോലിക്കാരും ഒട്ടേറെ ബിസിനസ് സ്ഥാപനങ്ങളും ഉണ്ടായിരുന്നു. ഭർത്താവ് പരമേശ്വരൻ നായർ ആയിരുന്നു അവയെല്ലാം നോക്കിനടത്തിയിരുന്നത്. അദ്ദേഹത്തിനെ സഹായിക്കാനായി മൂത്ത രണ്ടാൺമക്കളും സദാസന്നദ്ധരായിരുന്നു. കൃഷ്ണരാജ്, കാർത്തികേയൻ എന്നീ രണ്ടു മക്കളും തങ്ങളുടെ അച്ഛനെ സ്വത്തു കൈകാര്യം ചെയ്യുന്നതിൽ സഹായിച്ചും കാര്യങ്ങൾ നോക്കിനടത്തിയും ആ കുടുംബത്തിൽ സന്തോഷത്തോടെ ജീവിച്ചു. കൃഷ്ണരാജിന്റെ പത്നിയായ ഉമയും കാർത്തികേയന്റെ പ്രിയ ഭാര്യയായ കൃഷ്ണപ്രിയയും ജയലക്ഷ്മിയും ചേർന്നായിരുന്നു അടുക്കളഭരണം. കൃഷ്ണപ്രിയയുടെ മകളായ നിളതീർത്ഥയും ഉമയുടെ മകളായ കാർത്തികയും തങ്ങളുടെ ബാല്യകാലദിനങ്ങൾ ആ തറവാടിന്റെ വിശാലമായ മുറികൾക്കിടയിലും മുറ്റത്തും

തൊടിയിലുമൊക്കെയായി കഴിച്ചുകൂട്ടി. കൃഷ്ണരാജും കാർത്തികേയനും അച്ഛനെ സഹായിക്കുന്നതിനോ കുടുംബത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിനോ ആയിരുന്നില്ല അച്ഛനെ സഹായിച്ചിരുന്നത്. സ്വത്തുക്കളിൽ സുഖലോലുപരായി വർത്തിക്കുവാൻ വേണ്ടിയായിരുന്നു അവർ ബിസിനസ് നടത്തിയിരുന്നത്. അവർക്കിളയതായ ഒരു സഹോദരൻ കൂടിയുണ്ടായിരുന്നു. ദേവരാജ്; യുവാവായ ദേവരാജിന് സമ്പത്തിലോ പദവിയിലോ ജോലിയിലോ ഒന്നും താത്പര്യമില്ലായിരുന്നു. അവന്റെ ശ്രദ്ധ മുഴുവൻ രാഷ്ട്രീയത്തിലായിരുന്നു. സംഘടനത്തെ എസ്.എഫ്.ഐ. പ്രവർത്തനങ്ങളിലും പോരാട്ടങ്ങളിലും നേതാക്കന്മാരുടെ സന്തതസഹചാരിയായിരുന്നു അവൻ. അതിനായി ജീവൻ ബലികഴിക്കാൻ പോലും അവൻ തയ്യാറായിരുന്നു. വിദ്യാർത്ഥികൾക്കെതിരെ രാഷ്ട്രീയനേതാക്കൾ നടത്തുന്ന അക്രമങ്ങൾക്കെതിരെ അവൻ ശക്തമായി പോരാടി. അവന്റെ ജീവിതം സമൂഹത്തിനായി അവൻ സമർപ്പിച്ചതായിരുന്നു. എന്നാൽ, അവന്റെ അച്ഛനമ്മമാരുടെ ജീവിതം അവനു വേണ്ടി സമർപ്പിച്ചതും.

ഒത്തുന്ന സൂര്യൻ തന്റെ പുകളെ പ്രഭാവത്തിൽ പ്രകൃതിയെ വെട്ടിത്തിളങ്ങാൻ പര്യാപ്തമാകുന്ന ഒരു പ്രഭാതത്തിൽ കോളേജ് വരാന്തയിൽ ദേവരാജ്

നിൽക്കുകയായിരുന്നു. അപ്പോഴാണ് എം. എ. സൈക്കോളജി
വിദ്യാർത്ഥിയായ അവന്റെ മാർക്ക് ഷീറ്റ് ക്ലാസ്സിൽ നൽകുന്നുണ്ട്
എന്നവനറിഞ്ഞത്. വളരെ എളുപ്പമുള്ള ഒരു പരീക്ഷയായിരുന്നു
അത്. എല്ലാ വിഷയത്തിനും നല്ല മാർക്ക് ലഭിക്കുമെന്നുറപ്പ്.
തന്റെ രാഷ്ട്രീയത്തെ എതിർക്കുന്ന വീട്ടുകാർക്ക് ഒരടിയാകണം.
അങ്ങനെ തന്റെ മാർക്ക് എന്നവൻ തീരുമാനിച്ചിരുന്നു.
അതിനാൽ അവനതറിഞ്ഞയുടനെ വളരെ വേഗം ക്ലാസ്സിലേക്ക്
ഓടി. എന്നാൽ പരീക്ഷയിൽ വളരെ മോശം മാർക്കായിരുന്നു
അവന് അദ്ധ്യാപകൻ നല്കിയത്. അവനു മാത്രമല്ല ക്ലാസ്സിലെ
നന്നായി പഠിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികൾക്കും മോശം
മാർക്കായിരുന്നു നൽകിയിരുന്നത്. എന്നാൽ രാഷ്ട്രീയക്കാരായ
വ്യക്തികളുടെ മക്കൾക്ക് മാത്രം ഉയർന്ന മാർക്ക് പരീക്ഷയിൽ
ലഭിച്ചതായി അവൻ മനസ്സിലാക്കി. എന്താണു സംഭവിച്ചതെന്ന്
അവൻ മനസ്സിലാക്കാൻ അധികനേരം എടുത്തില്ല. രാഷ്ട്രീയ
തിരിമറികളുടെ ഒരു വിരോധാഭാസമാണ് അവിടെ നടന്നത്
എന്ന സത്യം അവൻ എല്ലാ വിദ്യാർത്ഥികളെയും മനസ്സിലാക്കി.
അവർ ഉടനെതന്നെ കോടതിയിൽ പരാതി സമർപ്പിക്കാൻ
ഒരുങ്ങി. അവർ കോടതിയിൽ പരാതി സമർപ്പിച്ചു.
എന്നാൽ ഭരണപക്ഷ രാഷ്ട്രീയനേതാക്കളും മുഖ്യമന്ത്രിയും.

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഇടപെട്ട് .. കേസന്വേഷണം. അസാധുവാക്കി.. അങ്ങനെ അവരുടെ മുമ്പിൽ. എല്ലാ. മാർഗ്ഗങ്ങളും.. അടഞ്ഞു.. എന്നിട്ടും പിന്തിരിയാൻ ദേവരാജ്. തയ്യാറല്ലായിരുന്നു. അവൻ നീതിനിഷേധത്തിനെതിരെ ശക്തമായി. പോരാടി.. കൂടെയുള്ള . വിദ്യാർത്ഥികളോടൊപ്പം. സെക്രട്ടേറിയറ്റിനു മുമ്പിൽ നിരാഹാരസമരം. അനുഷ്ഠിച്ചു.. മാധ്യമങ്ങൾ അതിനെ. ആഘോഷമാക്കി. മറ്റി.. സമരത്തിനു. ദേവരാജ് നേതൃത്വം നൽകി. തങ്ങളുടെ. പ്രതിഷേധ തകരുമെന്ന് മനസ്സിലാക്കിയ നേതാക്കൾ മറ്റെല്ലാ വിദ്യാർത്ഥികൾക്കും കോടിക്കണക്കിന് പണം. വാരിവിതറി. എന്നാൽ ദേവരാജ്. മാത്രം. അത് നിഷേധിച്ചു. തനിക്ക് പണമല്ല.., നീതിയാണ് വേണ്ടതെന്ന്. അവൻ. ഉറച്ച സ്വരത്തിൽ. പറഞ്ഞു..

അവസാനം ഒരു ദിവസം. നീതി. നൽകാമെന്ന് പറഞ്ഞ്. അവരുടെ. ഓഫീസിലേക്ക്. ദേവരാജിനെ. അവർ. വിളിച്ചു. സന്തോഷവാനായി. ദുഃഖമായ. മുഖത്തോടെ. അവൻ. വീട്ടിൽ. പറഞ്ഞ്. വീട്ടിൽ നിന്നും. യാത്രതിരിച്ചു. എന്നാൽ. ആ രാഷ്ട്രീയ നേതാക്കന്മാർ. അവനെ കണിച്ചത്. മരണത്തിലേക്കായി-രുന്നു. അവൻ. പ്രതിഷേധ. സംരക്ഷിക്കുവാനായി. അവനെ വധിക്കുവാൻ. ശ്രമിച്ചു.. ആ. പെരുമഴയുള്ള.. രാത്രിയിൽ. അടങ്ങിവന്നുള്ള ശരീരം. വഴിയരികിൽ രക്തം. വാർന്നു.

കിടന്നു. ആരൊക്കെയോ ചേർന്ന് അവനെ അടുത്തുള്ള ആശുപത്രിയിലെത്തിച്ചു. ഡോക്ടർമാർ അവൻ രക്ഷപെടുവാൻ സാധ്യതയില്ലെന്ന് വിധിയെഴുതി. ഇതറിഞ്ഞ അവന്റെ അച്ഛനുമമ്മയും ഹൃദയം തകർന്ന് കണ്ണീരൊഴുക്കി. ജയലക്ഷ്മിയുടെ കണ്ണിൽനിന്നും വിഴിനീർ കവിൾത്തടങ്ങളിലൂടെ ഒലിച്ചിറങ്ങി. തന്റെ മൃദുവാർന്ന കരത്താൽ അവർ അതിനെ തുടച്ചുമാറ്റി. സ്വാർത്ഥരും അത്യാഗ്രഹികളുമായ ജ്യേഷ്ഠന്മാർക്ക് അത് സന്തോഷത്തിന്റെ വാർത്തയായിരുന്നു. എന്നാൽ പുറമേ അവർ സങ്കടം നടിച്ചു. ഭാഗ്യവശാൽ ദേവരാജിന്റെ ജീവൻ പൂർണമായും നിലച്ചില്ല. അവൻ അബോധാവസ്ഥയിൽ ഇനി ജീവിക്കും എന്ന് ഡോക്ടർമാർ പറഞ്ഞു. അവനെ പഴയതുപോലാക്കാൻ വിദഗ്ധ ചികിത്സക്കായി വിദേശത്ത് പോകണമെന്ന് കേരളത്തിൽ അത്തരം ചികിത്സ ലഭ്യമല്ലെന്നും ഡോക്ടർമാർ അവരെ അറിയിച്ചു. ഇതിന് തയ്യാറെടുക്കുന്ന മാതാപിതാക്കളെ കൃഷ്ണരാജും കാർത്തികേയനും എതിർത്തു. അവൻ ഒരിക്കലും രക്ഷപെടില്ല എന്നും അതിനായി പണം വ്യർത്ഥമാക്കാൻ തങ്ങൾ സമ്മതിക്കില്ലെന്നും അവർ തറപ്പിച്ചു പറഞ്ഞു. എന്നാൽ അവരെല്ലാം എതിർത്ത് തങ്ങൾ എങ്ങനെ എങ്കിലും ഏതു വിധേനയും അവനെ രക്ഷിക്കുമെന്ന് അ

അച്ഛനമ്മമാർ തറപ്പിച്ചു പറഞ്ഞു. അങ്ങനെയിരെ ദേവരാജിനെ
ചികിത്സിക്കുന്നതിൽ വിമുഖത കാണിക്കുന്നവർ തറവാടു
വിട്ടു പോകണമെന്നും. അവർ പിന്നീട് തങ്ങൾക്കാരുമല്ല. എന്നും
അവർ പറഞ്ഞു. അങ്ങനെ പറഞ്ഞാൽ തങ്ങളുടെ മക്കൾ
അത് സമ്മതിക്കുമെന്ന് കരുതിയ അച്ഛനമ്മമാർക്ക് മക്കൾ
തന്റെ യഥാർത്ഥ്യം വെളിപ്പെടുത്തി. അങ്ങനെ പോകുവാൻ
തയ്യാറാണെന്നും. കുടുംബസ്വത്ത് ഭാഗം വച്ച് നൽകണമെന്നും.
അവർ നിഷ്കർഷിച്ചു. അല്ലാത്തപക്ഷം കോടതിയിൽ പരാതി
നൽകുമെന്നും. ഏതുവിധേനയും തങ്ങൾക്കവകാശപ്പെട്ട സ്വത്ത്
തങ്ങൾ കരസ്ഥമാക്കുമെന്നും അവർ പറഞ്ഞു, ഈറനണിഞ്ഞ
ജയലക്ഷ്മിയുടെ കണ്ണുകളിൽ നിന്ന് ജലകണങ്ങൾ ധാരധാരയായി
ഒഴുകി. മക്കൾ പറഞ്ഞതുപോലെ തന്നെ ചെയ്തു. തറവാടിന്റെ
പടിയിറങ്ങി. സ്വത്തവകാശത്തിനായി കേസു കൊടുത്തു. വിധി
വന്നപ്പോൾ. അവർ. അതിൽ. വിജയിച്ചു. മുക്കാൽഭാഗം. സ്വത്തും
അവരുടെ. കൈവശമായി. ബാക്കിയുള്ള സ്വത്തെല്ലാം. പരമേശ്വരനും
വിജയലക്ഷ്മിയും. വിറ്റ്. ദേവരാജിനെ ചികിത്സിക്കാനായി
വിനിയോഗിച്ചു. അവരുടെ. വലിയ. കുടുംബം. കേവലം. മൂന്ന്
പേർ. മാത്രമുള്ള. ചെറിയ. കുടുംബമായി മാറി. നിളതീർത്ഥയുടെ
കാർത്തികയുടെയും. കളിചിരികളും. കുസൃതികളും. ആ. തറവാട്ടിൽ

(**Note:** Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നിലച്ചു. പണം തികയാതെ വന്നപ്പോൾ ചികിത്സക്കായി തറവാടും വിറ്റു. അങ്ങനെ അവർ എന്നന്നേക്കുമായി ആ തറവാടിനോട് വിടപറഞ്ഞു. തങ്ങളെ പിന്തുണച്ചിരുന്ന പ്രതിപക്ഷ നേതാക്കന്മാരെന്നും സഹായിക്കാത്തത് അവർക്ക് വലിയ ആഘാതമായി. കാര്യസാധ്യത്തിനും സ്വാർത്ഥതയ്ക്കും വേണ്ടി മനുഷ്യരെ കൊല്ലുവാനും കൊല്ലിക്കുവാനും കുടുംബബന്ധങ്ങൾ നിലം പരിശാക്കുവാനും തക്ക ക്രൂരതയുള്ള ചെന്നായ്ക്കളാണ് രാഷ്ട്രീയക്കാർ എന്ന സത്യം അവർ മനസ്സിലാക്കി.

അങ്ങനെ ജീവിക്കുമ്പോഴാണ് ജീവിക്കാൻ പണമില്ലാതെ ആ കടലോരത്ത് അവർ ഒരു കുടിൽ കെട്ടി. അവിടെ പാർത്തത് ആ മൂന്ന് പേരടങ്ങുന്ന കുടുംബം പിന്നീട് കടലിന്റെ മക്കളായി.

ഇതെല്ലാം ആലോചിച്ചുകൊണ്ടിരുന്ന അവൾ കാറ്റിന്റെ പരിലാളനങ്ങളിൽ വർത്തമാനകാലത്തേക്ക് തിരിച്ചെത്തി. അപ്പോഴാണ് പുറത്തിൽനിന്ന് പരമേശ്വരൻ അലറിവിളിക്കുന്നത് അവൾ കേട്ടത്. ദേവരാജിന് അസുഖം മൂർച്ഛിച്ചിരിക്കുന്നു എന്നവൾ ഞെട്ടലോടെ തിരിച്ചറിഞ്ഞു. ഉടൻതന്നെ ആശുപത്രിയിലെത്തിച്ചു. ഇനി രക്ഷപ്പെടില്ല എന്ന് ഡോക്ടർമാർ പറഞ്ഞു. ഉടൻതന്നെ ഓപ്പറേഷൻ

നടത്തണമെന്നും അതിനായി ഉടൻ തന്നെ പണമടക്കണമെന്നും ഡോക്ടർമാർ നിർദ്ദേശിച്ചു. അവർ അതുകേട്ടുടൻ പണത്തിനായി തിരക്കിട്ടു. പരമേശ്വരന് ആ വേദന താങ്ങാനാകാതെ ഹൃദയാഘാതം സംഭവിച്ചു. ഐ.സി.യു. വിൽ കിടത്തി. ഉടൻ പണം എത്തിയില്ലെങ്കിൽ ജീവൻ നഷ്ടമാകും എന്ന് തിരിച്ചറിഞ്ഞ വിജയലക്ഷ്മി സമ്പന്നരായ തന്റെ മക്കളോടും മരുമക്കളോടും കേണപേക്ഷിച്ചു. എന്നാൽ സാധ്വിയായ ആ സ്ത്രീയെ ഒരു ഭിക്ഷക്കാരിയെ എന്ന പോലെ അവർ ആട്ടിപ്പായിച്ചു. ഒടുവിൽ അവർ ദേവരാജിനെ കൊല്ലുവാൻ ശ്രമിച്ച രാഷ്ട്രീയ നേതാവിന്റെ അടുക്കലെത്തി, അദ്ദേഹമാണ് ദേവരാജിനെ ഈ അവസ്ഥയിലെത്തിച്ചത് എന്നവർക്കറിയില്ലായിരുന്നു. ആ രാഷ്ട്രീയക്കാരൻ തന്നെ വളരെ അഭിമാനത്തോടെ ആ സത്യം അവരെ അറിയിച്ചു. തുടർന്ന് അവർക്കൊരു ഫോൺ കോൾ ലഭിച്ചു. "എല്ലാം അവസാനിച്ചു. ഇനി പണം വേണ്ട. ഇരുവരും രോഗവിമുക്തരായി വിടപറഞ്ഞു." ഫോണിൽ സംസാരിച്ച ആൾ പറഞ്ഞു. തളക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം പോലെ വിജയലക്ഷ്മി ആ രാഷ്ട്രീയ നേതാവിനെ നോക്കി. ഈറനണിഞ്ഞ ആ മിഴികളിൽ തീ ആളിപ്പടർന്നു. എന്നാൽ വേദനയുടെ ആ വലിയ

കാഠിന്യത്താൽ ആളിക്കത്തുന്ന അവരുടെ മിഴികളിലെ തീ അണഞ്ഞു. കണ്ണീർധാരകളും നിലച്ചു. അതോടൊപ്പം അവരുടെ ഹൃദയമിടിപ്പും നിലച്ചു. അവർ ബോധരഹിതയായി നിലം പതിച്ചു. ആ കുടുംബം അങ്ങനെ ചെറുതായി ചെറുതായി ഇല്ലാതായി. അതോടൊപ്പം തന്നെ മനുഷ്യന്റെ നന്മയും സത്യസന്ധതയും. ആ രാഷ്ട്രീയ നേതാക്കൾ ആ മൃതശരീരത്തെ ആരുമറിയാതെ മറവു ചെയ്തു. അവരുടെ ശരീരം മണ്ണിനോട് ലയിച്ചു. ഇനി ആർക്കും ദ്രോഹിക്കാൻ സാധിക്കാത്ത വിധം അഴുകിയില്ലാതായി. ഒരിക്കൽ ഇതിനെല്ലാമറുതി കൈ വരുമെന്നും. അത് താൻ തന്നെ സംഭവ്യമാക്കുമെന്നും പ്രകൃതി പ്രത്യാശിക്കുന്നുണ്ടാവണം. ഒരു കടുത്തമായ മഴയും. ഇടിയും. മിന്നലും. അശാന്തമായി. പ്രകൃതിയാകമാനം മിശ്രവികാരങ്ങൾ നിഴലിച്ചു ..., സുസ്മേര വദനയായ പ്രകൃതിക്കും ലോകത്തിനുമായി... ഇനിയെങ്കിലും ഇത്തരം സഹോദരന്മാരും രാഷ്ട്രീയക്കാരും അവസാനിക്കട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട്...